ഉത്തരം

(എ) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിശ്ചയിച്ചതിൽ അപാകതകൾ ഒന്നും ഉണ്ടായിട്ടില്ല. ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം നടത്തുമ്പോൾ ലഭിച്ച മാർക്കും ആദ്യമൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്കും തമ്മിൽ 10 ശതമാനമോ അതിൽ കൂടുതലോ വ്യത്യാസം വന്നാൽ ഈ ഉത്തരക്കടലാസ്സുകൾ ആദ്യമൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എക്സാമിനറുടേയും അഡീഷണൽ ചീഫ് എക്സാമിനറുടേയും പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും അവർക്ക് നൽകിയ പ്രതിഫല തുകയിൽനിന്നും പേപ്പർ ഒന്നിന് 50/- രൂപ ക്രമത്തിൽ അവരിൽ നിന്നും ഈടാക്കുകയും ചെയ്യുന്നു.

55 (1599) അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്കൂളുകളിൽ നിന്നും വിരമിച്ച എത്ര അദ്ധ്യാപകർക്ക് 1999 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം പെൻഷൻ ആനുകൂല്യങ്ങളും പ്രോവിഡന്റ് ഫണ്ട് തുകയും കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എയിഡഡ് സ്കൂൾ, ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകർ എന്നിവർ എത്രവീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ കൃത്യമായി അനുവദിച്ചുകൊടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അപേക്ഷകൾ കൃത്യമായി പരിശോധിച്ച് കാലതാമസം ഒഴിവാക്കി തീർപ്പു കൽപ്പിക്കുന്നതിനുവേണ്ട നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർ പെൻഷൻ അനുവദിക്കുന്ന ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

56 (1600) പൊതുവിദ്യാഭ്യാസ വകുപ്പ് ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly